# വിപശ്യനാ പത്രിക

*സയാജീ ഊ ബാ ഖിൻന്റെ പരമ്പരയ്ക്കനുസരിച്ച് എസ. എൻ. ഗോയങ്ക പഠിപ്പിച്ച ധ്യാന വിധി*

**Vol. 6, No. 8 : ആഗസ്ത് 2013**
**മലയാളം മാസ പത്രിക**

**വിപസ്സന റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്**
**ധമ്മഗിരി, ഇഗത്പുരി – 422 403, മഹാരാഷ്ട്ര**

### *ധർമ്മ വാണി*

*ധന്യ ഭാഗ് സാബുൻ മിലീ,*
*നിർമല് പായാ നീർ,*
*ആവോ ധോയേ സ്വയം ഹീ,*
*മന് കേ മൈലേ ചീർ.*

ധന്യമായി, സോപ്പും കിട്ടി,
നിർമലമായ ജലവും കണ്ടു,
വരുവിൻ കഴുകുക സ്വയമേവ,
മനമാം മലിന വസ്ത്രങ്ങൾ.

— **എസ. എൻ. ഗോയങ്ക**

# ധർമ്മത്തിന്റെ സംവർദ്ധനം

**എസ. എൻ. ഗോയങ്ക**

*(ജീ-ടീവിയിൽ തുടർച്ചയായി 44 ഭാഗങ്ങളായി പ്രസാരണം ചെയ്ത ഗോയങ്കജീയുടെ പ്രവചനങ്ങളുടെ 43 ാം ഭാഗം)*

ധർമ്മം ധാരണം ചെയ്യുകയാണെങ്കിലെ അതിന്റെ ഫലം പ്രാപ്തമാകുകയുള്ളു. എങ്കിലെ മംഗളം ലഭിക്കുകയുള്ളു, നന്മ ലഭിക്കുകയുള്ളു, മുക്തി ലഭിക്കുകയുള്ളു.

ധർമ്മം എങ്ങനെയാണ് ധാരണം ചെയ്യേണ്ടത്? ഇതിനെ പഠിക്കാനായിതന്നെയാണ് പത്തു ദിവസത്തിനായി വിപശ്യനയുടെ തപോ ഭൂമിയിൽ പങ്കുചേരുന്നത് – താമസിക്കുന്നത്. വാണിവിലാസത്തിനല്ല, ബുദ്ധിവിലാസത്തിനല്ല. അനുഭൂതികളാൽ ധർമ്മം ജീവനിൽ എപ്രകാരം കൊണ്ടു വരണം – അനുഭൂതികളാൽ പഠിക്കുകയാണ്. ശീലത്തിന്റെ പാലനം ചെയ്യണമെങ്കിൽ – പത്തു ദിവസം തപോഭൂമിയിൽ താമസിച്ചുകൊണ്ട് ശീലത്തിന്റെ പാലനം ചെയ്യുകതന്നെ വേണം. സമാധിയുടെ അഭ്യാസം ചെയ്യണം – അതേ ജോലിയിൽ ഏർപ്പെടുന്നു. സ്വന്തം പ്രജ്ഞ അല്ലെങ്കിൽ സ്വന്തം ജ്ഞാനം ഉണർത്തിക്കൊണ്ട് ചിത്തത്തെ നിർമ്മലമാക്കണം – അതേ ജോലിയിൽ ഏർപ്പെടുന്നു. രാവിലെ നാല്, നാലരമണി മുതൽ രാത്രി ഒൻപത്, ഒൻപതര മണിവരെ, ഇടക്ക് ഭക്ഷണം, വിശ്രമം ഇവക്കായി അല്പം സമയം ഒഴിച്ച് ബാക്കി ഇതേ ജോലി, ഇതേ ജോലി.

പുറമെയുള്ള ജീവനിൽ ബഹിർമുഖി തന്നെ ബഹിർമുഖി ആയിരുന്നു. ഇപ്പോൾ ഇവിടെ അന്തർമുഖൻ ആകാൻ പഠിക്കുന്നു. ഉള്ളിലെ ലോകത്തെ നോക്കാൻ പഠിക്കുന്നു. തന്നെപ്പറ്റിയുള്ള സത്യമെന്താണ്, അതിനെ അറിയാൻ പഠിക്കുന്നു. ശീലപാലനം ചെയ്യാനുള്ള അഭ്യാസം ചെയ്യുന്നു. സമാധിയെ പുഷ്ടമാക്കാനുള്ള അഭ്യാസം ചെയ്യുന്നു. പ്രജ്ഞയെ ഉണർത്തിക്കൊണ്ട് മനസ്സിനെ നിർമ്മലമാക്കാനുള്ള അഭ്യാസം ചെയ്യുന്നു.

ധർമ്മത്തിന്റെ പ്രാവർത്തികപക്ഷം, ഇതിൽ ബലം കൊടുത്തുകൊണ്ട് ഇതുതന്നെ ചെയ്യുന്നു. വൈകുന്നേരം മണിക്കൂർ, ഒന്നേകാൽ മണിക്കൂർ ധർമ്മച്ചർച്ച നടക്കുന്നു. അത് ബുദ്ധിവിലാസത്തിനല്ല, വാണിവിലാസത്തിനല്ല,. വാദവിവാദത്തിനല്ല,. ഏതെങ്കിലും സമ്പ്രദായവിശേഷത്തിന്റെ മഹത്വം സ്ഥാപിക്കുന്നതിനല്ല. ജോലി ധർമ്മത്തിന്റെ വ്യവഹാരപക്ഷത്തെ മനസ്സിലാക്കാനും, മനസ്സിലാക്കിക്കുന്നതിനും വേണ്ടിയാണ്. ഈ വിധി ഭാരതത്തിന്റെ വളരെ പുരാതന വിധിയാണ്, വളരെ പുരാതന വിധി ആയിട്ടുകൂടി കഴിഞ്ഞ രണ്ടായിരം വർഷങ്ങളായി ഭാരതത്തിൽ നിന്നു ലുപ്തമായതാണ് എന്നിട്ട് വീണ്ടും വന്നിരിക്കുകയാണ് അതിനാൽ പുതിയതുപോലെ തോന്നും. ആയതുകൊണ്ട് ഇതിനെപ്പറ്റി പൂർണ്ണമായ അറിവു നേടി ഈ കാര്യത്തിൽ ഏർപ്പെടണം, എല്ലാ വൈകുന്നേരവും മണിക്കൂർ, ഒന്നേകാൽ മണിക്കൂർ ധർമ്മ പ്രവചനം നടക്കുന്നത് ഇതിനുവേണ്ടിയാണ്.

ലാഭം ഈ വ്യവഹാരപക്ഷത്തിൽ നിന്നേ ഉണ്ടാകുകയുള്ളു. വ്യവഹാരപക്ഷത്തെ മനസ്സിലാക്കിക്കുന്നതിനു തന്നെയാണ് ഈ ധർമ്മപ്രവചനം. എന്നാൽ വ്യവഹാരപക്ഷത്തെ മനസ്സിലാക്കിക്കുമ്പോൾ ചിലപ്പോൾ ഏതെങ്കിലും സൈദ്ധാന്തികപക്ഷവും മുന്നിൽ വരുന്നതായി കാണും. സൈദ്ധാന്തികപക്ഷം പ്രകാശിതമായി മുന്നിൽ വരുമ്പോൾ മനസ്സിൽ ചോദ്യങ്ങളും ഉണരാവുന്നതാണ്, ഏതെങ്കിലും സംശയം, സന്ദേഹം ഉണരാവുന്നതാണ്. അപ്പോൾ സാധകന് ഇളവുണ്ട്, അവൻ മാർഗ്ഗദർശകനെ കണ്ട് ഇവയുടെ സംശയം നിവാരണം ചെയ്യാവുന്നതാണ്. എന്നാൽ ജോലിയിൽ തന്നെ ഏർപ്പെട്ടുകൊണ്ടിരിക്കണം.

അഭ്യാസത്തിന്റെ ഏതൊരു ക്ഷേത്രമുണ്ടോ – ശീലത്തിന്റെ പാലനം ചെയ്യൽ, മനസ്സിനെ സമാധിസ്ഥമാക്കൽ, മനസ്സിനെ സ്ഥിതപ്രജ്ഞ മാക്കലും നിർമ്മലമാക്കലും – ഇതിലാകട്ടെ എങ്ങും അഭിപ്രായവ്യത്യാസത്തിന്റെ കാര്യമേയില്ല. സിദ്ധാന്ത ങ്ങളുടെ കാര്യത്തെപ്പറ്റി, അഥവാ ആരുടെയെങ്കിലും മനസ്സിൽ ആഴത്തിലുള്ള സംശയം ഉണരുകയാ ണെങ്കിൽ മാർഗ്ഗദർശകൻ പറയും, ഇത് സിദ്ധാന്തങ്ങളുടെ കാര്യമല്ലെ, നിങ്ങൾക്ക് ശരിയല്ലെന്ന് തോന്നുകയാണെങ്കിൽ ഇതിനെ മാറ്റിവയ്ക്കാം. മുന്നേറുമ്പോൾ മനസ്സിലാകുക യാണെങ്കിൽ സ്വീകരിക്കുക. മനസ്സിലായില്ല എങ്കിൽ ഒന്നും തന്നെ നഷ്ടമായില്ല. നിങ്ങൾക്ക് ഏതൊരു ലാഭമുണ്ടാകുമോ, അത് ഈ അഭ്യാസത്താലെ ആകുകയുള്ളു. പ്രയോഗാത്മക പക്ഷത്താലെ ആകുകയുള്ളു. എങ്കിൽ ഇല്ല, ഞാൻ ഇതിനെ സ്വീകരിക്കില്ല, ഞാൻ ഇതിനെ സ്വീകരിക്കില്ല. മാർഗ്ഗദർശകനാകട്ടെ അമ്മയെപ്പോലെ സ്നേഹ ത്തോടെ – അമ്മ എപ്രകാരം വളരെ സ്നേഹ ത്തോടെ സ്വന്തം കുട്ടിക്ക് പായസം വിളമ്പിക്കൊടുക്കുന്നു, അങ്ങനെ വലിയ സ്നേഹത്തോടെ വിളമ്പിക്കൊടുക്കുന്നു.

വളരെ ഉത്തമമായ തിളപ്പിച്ചുകുറുക്കിയ പാൽ, അതിൽ മധുരം, അതിൽ വിഷിഷ്ടമായ ഏലക്കായ മുതലായവ, വളരെ സ്നേഹത്തോടെ കുട്ടിക്ക് വിളമ്പിക്കൊടുക്കുകയാണ്, എന്നാൽ അവൻ പറയുകയാണ്, ഇല്ല, ഞാൻ കഴിക്കില്ല, അയ്യോ, എന്തുപറ്റി? കഴിച്ചു നോക്കൂ, വളരെ സ്വാദിഷ്ഠമാണ്. ഞാൻ കഴിക്കില്ല. എന്തുപറ്റി? ഇത് എന്റെ പാത്രത്തിലല്ല. എന്റെ പാത്രത്തിലാണെങ്കിൽ കഴിക്കാം. അമ്മ എന്തു ചെയ്യാനാണ്, അവർക്ക് കുട്ടിക്ക് പായസം കഴിപ്പിക്കണമല്ലോ. അതിനാൽ പറയുന്നു, ശരി, നിന്റെ പാത്രത്തിൽ കഴിക്കുക. അവന്റെ പാത്രത്തിൽ പായസം വിളമ്പി ക്കൊടുക്കുന്നു. അവന് പാത്രം പ്രമുഖമാണ് പായസം പ്രമുഖമല്ല. പായസം അപ്രധാനമാണ്. പാത്രം പ്രമുഖമാണ്.

പാത്രമെന്താണ്? എല്ലാ മഹാപുരുഷരും, ലോകത്തിലെ ജനങ്ങൾ ദുഃഖിതരാണ് എന്നു കണ്ടുകൊണ്ട് ധർമ്മം പഠിപ്പിക്കുന്നു, അപ്പോൾ ആ സമയത്ത് ജനങ്ങൾ ഏത് ഭാഷയിൽ അതിനെ മനസ്സിലാക്കാൻ സാധിക്കുമോ ആ ഭാഷയിൽ മനസ്സിലാക്കിക്കൊടുക്കും. പതുക്കെ പതുക്കെ ആ ഭാഷ പ്രമുഖമായി. ആ ശബ്ദങ്ങൾ പ്രമുഖമായി. ഇത് നമ്മുടെ പരമ്പരയുടെ ഭാഷയാണ്, ഇത് നമ്മുടെ പരമ്പരയിലെ ശബ്ദമാണ്. ആരും തന്നെ ധർമ്മത്തിന്റെ വ്യവഹാരപക്ഷത്തിന് മഹത്വം കൊടുക്കുന്നില്ല. എന്നാൽ ഈ ശബ്ദാവലികളോട്, ഇവക്കൊപ്പം ആഴത്തിലുള്ള ആസക്തി ജനിപ്പിക്കുന്നു.

എപ്പോൾ ധർമ്മത്തെ മനസ്സിലാക്കിക്കൊടു ക്കുന്നതിന് പഞ്ചശീലം എന്ന ശബ്ദത്തിന്റെ പ്രയോഗം ചെയ്യുമോ – ഏതു വ്യക്തി ബൗദ്ധനാണോ, വളരെ സന്തോഷവാനാകും, ഓ, നമ്മുടെ ധർമ്മമാണ് പഠിപ്പിച്ചുകൊണ്ടിരിക്കുന്നത്. അണുവ്രത ശബ്ദത്തിനെ ഉപയോഗിച്ചാൽ – ജൈനസഹോദരുണ്ടോ, അവർ മനസ്സിലാക്കും, നമ്മുടെ തന്നെ ധർമ്മമാണ് പഠിപ്പിക്കുന്നത്. യമനിയമശബ്ദം പ്രയോഗിച്ചാൽ – ഹിന്ദു വിചാരിക്കും ശരി, നമ്മുടെ ധർമ്മമാണ് പഠിപ്പിച്ചുകൊണ്ടിരിക്കുന്നത്. ടെൻ കമാൻഡ്മെന്റ് ശബ്ദത്തിന്റെ പ്രയോഗം ചെയ്യുകയാണെങ്കിൽ – ക്രിസ്ത്യനാണോ പറയും, നമ്മുടെ തന്നെ ധർമ്മമാണ് പഠിപ്പിക്കുന്നത്.

പഞ്ചശീലക്കാർ പഞ്ചശീലത്തിന്റെ പാലനം ചെയ്യുന്നില്ല, അണുവ്രതക്കാർ അണുവ്രതത്തിന്റെ പാലനം ചെയ്യുന്നില്ല, യമനിയമക്കാർ യമനിയമത്തിന്റെ പാലനം ചെയ്യുന്നില്ല. ടെൻകമാൻഡ്മെന്റുകാർ ടെൻകമാൻഡ്മെന്റിന്റെ പാലനം ചെയ്യുന്നില്ല. എന്നാൽ ശബ്ദങ്ങളെപ്പറ്റി ഇത്ര ആഴത്തിലുള്ള ആസക്തി, അപ്പോൾ എന്തു ചെയ്യാനാണ്, ശരി നിന്റെ തന്നെ ശബ്ദാവലി എടുക്കുക. ഇതിൽ തന്നെ മനസ്സിലാക്കുക, എന്നാൽ ജോലി ചെയ്യുക. അഭ്യാസം ചെയ്യുക. ഈ പായസം കഴിക്കുക.

അവന്റെ പാത്രത്തിൽ കൊടുത്തു, എന്നാലും പറയുകയാണ്, ഇല്ല, ഞാൻ കഴിക്കില്ല. അയ്യോ എന്തുപറ്റി, ഇപ്പോൾ നിന്റെ പാത്രത്തില്ലല്ലെ? അപ്പോൾ പറയുകയാണ്, ഇതിൽ ഈ കറുത്ത കല്ലുകൾ കിടക്കുന്നു. ഞാൻ കഴിക്കില്ല. അമ്മ മനസ്സിലാക്കിക്കൊടുക്കുകയാണ്, ഇത് കറുത്ത കല്ലല്ല, ഇത് ഏലക്കായുടെ പരിപ്പാണ്. അയ്യോ, ഇതിനും അതിന്റെ സ്വാദുണ്ട് നീ കഴിച്ചു നോക്കൂ. ഇല്ല, കറുത്ത കല്ലാണ്, കറുത്ത കല്ലാണ് ഞാൻ കഴിക്കില്ല. ഇത് നിനക്ക് കറുത്ത കല്ലാണെങ്കിൽ ഇതിനെ എടുത്ത് കളയുക ബാക്കി കഴിക്കുക, എപ്പോൾ മനസ്സിലാകുമോ, അപ്പോൾ ഇതിന്റെ സ്വാദു നോക്കുക. ഇപ്പോൾ ഈ സമയം ഇതിനെ എടുത്ത് പുറത്തുകളയുക, ബാക്കി കഴിച്ചു നോക്കൂ.. ഭ്രാന്തൻ കുട്ടിയാണെങ്കിൽ, മുഴുവൻ പായസവും കളയുന്നു. ഇതിൽ കറുത്ത കല്ലാണ്, ഇതിൽ കറുത്ത കല്ലാണ്. സ്വന്തം ഹാനി തന്നെയാണ് ചെയ്യുന്നത്, സ്വന്തം ലാഭത്തിൽ നിന്നും വഞ്ചിതനായിപ്പോയി.

അതിനാൽ സഹോദരാ, ധർമ്മത്തിന്റെ വ്യവഹാരപക്ഷത്തിന്റെ കാര്യത്തിൽ – ശീലം സമാധി, പ്രജ്ഞ; ശീലം, സമാധി, പ്രജ്ഞ, അതിൽ കറുത്തകല്ലിനെപ്പോലെ കളയാൻ ഒന്നും തന്നെയില്ല. ഏതു സമ്പ്രദായത്തിലെ വ്യക്തിയായാലും ശരി, എന്നാൽ സിദ്ധാന്ത പക്ഷത്തിൽ ഏതെങ്കിലും കാര്യം കറുത്ത കല്ലിനെപ്പോലെ തോന്നുകയാണെങ്കിൽ അതിനെ എടുത്ത് പുറത്തുകളയുക. ലാഭമാകട്ടെ വ്യവഹാരപക്ഷത്തിൽ നിന്നാണ് ലഭിക്കുക. ശീലം, ധാരണം ചെയ്യണം. സമാധി വഴി സ്വന്തം ചിത്തത്തെ വശത്താക്കണം. പ്രജ്ഞ വഴി സ്വന്തം ചിത്തത്തെ നിർമ്മലമാക്കണം. ഇതിൽ ആർക്കെങ്കിലും എന്ത് അഭിപ്രായ വ്യത്യാസം ഉണ്ടാകാനാണ്.

ഇതു ചെയ്യുന്നതിനു തന്നെയാണ് ഒരു വ്യക്തി തപോഭൂമിയിൽ പത്തു ദിവസം പങ്കെടുക്കുന്നത്, കൂടാതെ ലാഭം ഇതിനാലാണ് ഉണ്ടാകുന്നത്. ആ സിദ്ധാന്ത പക്ഷങ്ങളെ സ്വീകരിക്കുകയോ, സ്വീകരിക്കാതിരിക്കുകയോ ചെയ്യുന്നതിൽ ഒരു ലാഭഹാനിയുമില്ല, ലാഭം ഇതിനാലാണ് ഉണ്ടകുക.

പടിഞ്ഞാറുള്ള രാജ്യങ്ങളിൽ ഒരു കഥ പ്രചലിതമാണ്. ഏതോ വളരെ പഠിപ്പുള്ള ഒരു യുവാവായ പ്രൊഫസ്സർ, ഇപ്പോൾ ജീവന്റെ അനുഭവമില്ല. എന്നാൽ വളരെ പഠിപ്പുണ്ട്, സ്വന്തം

പേരിന്റെ പിന്നാലെ വളരെ അക്ഷരമാല ചേർത്തിട്ടുണ്ട്. ഏതോ കപ്പലിൽ സമുദ്ര യാത്ര ചെയ്യുകയാണ്. അതേ കപ്പലിലെ ഒരു നാവികൻ (വള്ളം ഓട്ടിക്കുന്നവൻ), വയസ്സായ നാവികൻ, തീർത്തും പഠിപ്പില്ലാത്തവൻ, അവന് കറുത്ത അക്ഷരവും എരുമയും ഒന്നുതന്നെ. ചിലപ്പോൾ ഈ നാവികൻ പ്രൊഫസ്സർസാഹബിന്റെ ക്യാബിനിൽ വരുമായിരുന്നു – എന്നിട്ട് അയാളുടെ വലിയ പാണ്ഡിത്യ പൂർണ്ണമായ കാര്യങ്ങൾ കേൾക്കും. അയ്യോ, എത്ര പണ്ഡിതൻ, എത്ര വിദ്വാൻ. ഇപ്രകാരം ദിവസവും സംഭവിച്ചു കൊണ്ടിരുന്നു. ഒരു സായാഹ്നത്തിൽ പ്രൊഫസർ ചോദിച്ചു, കാരണോരെ, നിങ്ങൾ ജിയോളജി പഠിച്ചിട്ടുണ്ടോ? അതെന്താണ് മഹാരാജ്? ഈ ഭൂമിക്കും ഒരു ശാസത്രമുണ്ട്. നിങ്ങൾ പഠിച്ചിട്ടുണ്ടോ? പറഞ്ഞില്ലെ മഹാരാജ്, ഒന്നും തന്നെ പഠിച്ചിട്ടില്ല മഹാരാജ്. – കോളെജിലും പോയിട്ടില്ല, സ്കൂളിലും പോയിട്ടില്ല. ഈ ജിയോളജി എന്താണെന്ന് എനിക്ക് എന്തറിയാനാണ്. അയ്യോ, കാരണോരെ, നിങ്ങൾ സ്വന്തം ജീവിതത്തിന്റെ നാലിലൊരു ഭാഗം പാഴാക്കി. വയസ്സൻ വളരെ ഉദാസീനനായി. ഈ ഇത്ര വലിയ പണ്ഡിതൻ പറയുകയാണ് അതിനാൽ സത്യമായും ഞാനെന്റെ ജീവിതത്തിന്റെ നാലിലൊരുഭാഗം പാഴാക്കുക തന്നെ ചെയ്തു. അടുത്ത ദിവസം കൂടുതൽ പാണ്ഡിത്യപൂർണ്ണമായ കാര്യങ്ങൾ ആയി ആയി പോകാൻ തുടങ്ങിയപ്പോൾ പ്രൊഫസർ വീണ്ടും ചോദിച്ചു, നിങ്ങൾ ഓഷ്യനോളജി പഠിച്ചിട്ടുണ്ടോ? ഇതെന്താണ് മഹാരാജ്? ഏതു സമുദ്രത്തിൽ നീ യാത്ര ചെയ്യുന്നുവോ, ആ സമുദ്രത്തിനും സ്വന്തം ഒരു ശാസ്ത്രമുണ്ട്. നിങ്ങൾ പഠിച്ചിട്ടുണ്ടോ? പറഞ്ഞില്ലെ മഹാരാജ്, ഒന്നും തന്നെ പഠിച്ചിട്ടില്ല. അയ്യോ, കാരണോരെ, നിങ്ങൾ നിങ്ങളുടെ പകുതി ജീവിതം പാഴാക്കി. വൃദ്ധൻ വളരെ ഉദാസീനനായി. എന്റെ പകുതി ജീവിതം പാഴായി. മൂന്നാമത്തെ ദിവസം വീണ്ടും സംസാരിച്ച് പോകാൻ തുടങ്ങിയപ്പോൾ ചോദിച്ചു, നിങ്ങൾ മെറ്റീരിയലോജി പഠിച്ചിട്ടുണ്ടോ അതെന്താണ് മഹാരാജ്, ഞാൻ പേരുതന്നെ കേട്ടിട്ടില്ല. കാറ്റ്, വെള്ളം, കാലാവസ്ഥ, ഋതു, മഴ ഇവയ്ക്കും ഒരു ശാസ്ത്രമുണ്ട്, പഠിച്ചിട്ടുണ്ടോ? പഠിച്ചിട്ടില്ല മഹാരാജ്, ഒന്നും തന്നെ പഠിച്ചിട്ടില്ല. അയ്യോ, നിങ്ങൾ സ്വന്തം ജീവിതത്തിൽ നാലിൽ മൂന്നു ഭാഗവും പാഴാക്കി. വയസ്സൻ വളരെ ഉദാസീനനായി. – എന്റെ ജീവിതത്തിന്റെ മുക്കാൽ ഭാഗം പാഴാക്കി.

നാലാമത്തെ ദിവസം വൃദ്ധൻ ഓടി വന്നു – പ്രൊഫസർ, പ്രൊഫസർ, താങ്കൾ സ്വിമ്മോളജി പഠിച്ചിട്ടുണ്ടോ? എന്തു സ്വിമ്മോളജി? താങ്കൾക്ക് നീന്താൻ അറിയാമോ. അയ്യോ, ഇല്ല സഹോദരാ, എനിക്ക് നീന്താനറിയില്ല എങ്കിൽ പ്രൊഫസർസാബ്, താങ്കളാകട്ടെ താങ്കളുടെ മുഴുവൻ ജീവിതവും പാഴാക്കി. ഈ കപ്പലിന് ആഘാതമേറ്റിരിക്കുകയാണ്, ഇത് മുങ്ങാൻ പോകുകയാണ്, മുന്നിൽ അതാ തീരം കാണുന്നുണ്ട് – ആർക്കൊക്കെ നീന്താൻ അറിയുമോ, അവർ എത്തിച്ചേരും. ബാക്കി മരിക്കുകതന്നെ ചെയ്യും മഹാരാജ്, എന്തു ചെയ്യാനാണ്, താങ്കൾ മുഴുവൻ ജീവിതവും പാഴാക്കി.

ലോകത്തിലെ മുഴുവൻ 'ലോജി' പഠിച്ചിട്ട് എന്തു ചെയ്യാനാണ്? സ്വിമ്മോളജി പഠിക്കുന്നില്ലല്ലൊ. ഭവസാഗരത്തിന്റെ മറുകര കടക്കണ്ടെ. അതിനായി സ്വിമ്മോളജിയുടെ ശാസ്ത്രം മാത്രം പഠിച്ചുകൊണ്ടു പോകുകയാണ്, അതിൽ വാദവിവാദം ചെയ്തുകൊണ്ടു പോകുകയാണ് എന്നാൽ സ്വിമ്മിംഗ് ചെയ്യാൻ പഠിക്കുന്നില്ല. നീന്താൻ പഠിക്കുന്നില്ല, വെള്ളത്തിൽ കാൽ വയ്ക്കുന്നില്ല എങ്കിൽ എന്തു ലഭിക്കാനാണ് സഹോദരാ?

ഇതേ തരത്തിൽ കേവലം ധർമ്മത്തിന്റെ ചർച്ച മാത്രം ചെയ്തു കൊണ്ടു പോകുകയാണ്, ധാരണം ചെയ്യുന്നില്ല. അഭ്യാസം ചെയ്യുന്നില്ല, എങ്കിൽ എന്തു ലഭിക്കാനാണ്? ധർമ്മം എങ്ങനെയാണ് ധാരണം ചെയ്യേണ്ടത് – ഈ പത്തു ദിവസങ്ങളിൽ ഇത് പഠിക്കുന്നു. ശിബിരത്തിൽ വരുന്ന എല്ലാ വ്യക്തിക്കും, പത്തു ദിവസത്തേക്ക് ആത്മസമർപ്പണം ചെയ്യേണ്ടതുണ്ട്, എന്തിനെന്നാൽ ഈ വിദ്യയെ നല്ല തരത്തിൽ ഉപയോഗിച്ചുകൊണ്ട്, ഇതിനോട് പൂർണ്ണ ന്യായം ചെയ്തു നോക്കണം – സത്യമായും ഈ വിദ്യ എപ്രകാരം പ്രവർത്തിക്കുന്നു? ആദ്യം ഈ ഉരകല്ലിൽ ഉരച്ചു നോക്കണം – പത്തു ദിവസം ആയതിനു ശേഷം ഈ ഉരകല്ലിൽ ഉരച്ചു നോക്കണം – ഏതൊന്ന് പഠിപ്പിച്ചുവോ, അത് യുക്തിക്കു യോജിക്കുന്നതാണോ, ബുദ്ധിക്കു യോജിക്കുന്നതാണോ, ന്യായത്തിനു യോജിക്കുന്നതാണോ അതോ അല്ലയൊ? ഏതൊരു കാര്യം നമ്മുടെ ബുദ്ധിതന്നെ സ്വീകരിക്കുന്നില്ലയോ, അതിനെ ഒരു വ്യക്തി എങ്ങനെ സ്വീകരിക്കും. എങ്കിൽ ഇപ്പോൾ അത്മ സമർപ്പണം അവസാനിച്ചു. പത്തു ദിവസം പൂർണ്ണമായി. ഇനി സ്വയം ചിന്ത ചെയ്യണം.

എല്ലാ വ്യക്തിയും സ്വന്തം കാലിലാണ് നില്ക്കുന്നത്, സ്വാധീനനാണ്, സ്വതന്ത്രനാണ് ഈ കാര്യം ബുദ്ധിക്കു നിരക്കുന്നതാണോ, അല്ലയോ? ആണ്, എങ്കിൽ അടുത്ത ഉരകല്ലിൽ ഉരച്ചു നോക്കുന്നു. ഇതിനെ ധാരണം ചെയ്താൽ എന്റെ നന്മയുണ്ടാകുമോ അതോ ഉണ്ടാകില്ലയോ? നന്മയുണ്ട്. വീണ്ടും ഒരു മൂന്നാമത്തെ ഉരകല്ലിൽ ഉരച്ചു നോക്കുന്നു. കാര്യം ബുദ്ധിക്കു നിരക്കുന്നതാണ്, ഇതിനെ ധാരണം ചെയ്താൽ എന്റെ നന്മയും തെളിഞ്ഞു കാണുന്നു, എന്നാൽ ഇതിനാൽ എങ്ങാനും മറ്റുള്ളവർക്ക് ഹാനിയൊന്നുമുണ്ടാകുന്നില്ലല്ലൊ? മറ്റുള്ളവർക്ക് അമംഗളം ഒന്നും ഉണ്ടാകുന്നില്ലല്ലൊ – ഇല്ല, മറ്റുള്ളവർക്കും മംഗളം തന്നെയാണ് ഉണ്ടാകുന്നത്, നന്മതന്നെയാണ് ഉണ്ടാകുന്നത്. മൂന്നു കാര്യങ്ങളും മൂന്നു തരത്തിലും ഉരകല്ലിൽ ഉരച്ചു നോക്കി, എങ്കിൽ സ്വീകരിക്കും. സ്വീകരിക്കുകയാണെങ്കിൽ ധാരണം ചെയ്യുക.

ഇനി ജീവീതത്തിന്റെ അംഗമായിത്തീരണം. പത്തു ദിവസങ്ങളിൽ വളരെ ഫലപുഷ്ടമായ ഭൂമിയിൽ ഒരു വളരെ നല്ല വിത്ത് വിതച്ചതാണ്. പത്തു ദിവസത്തിൽ അതിൽ നിന്ന് മുളപ്പൊട്ടി, ചെറിയ ഒരു ചെടി തയ്യാറായി. ഈ ചെറിയ ചെടിയെ വളരെ സൂക്ഷിച്ച് പരിചരിക്കേണ്ടത് ആവശ്യമാണ്. വളരെ സുരക്ഷിതമായി വക്കേണ്ടതുണ്ട്. നല്ല തോട്ടക്കാരൻ വളരെ ശുശ്രൂഷിക്കാറുണ്ട്. വലിയ വലിയ മരങ്ങളെ ശിശ്രൂഷിക്കില്ല, ചെറിയ ചെറിയ ചെടികളെ ശിശ്രൂഷിക്കും. അതിന്റെ നാലു വശത്തും വേലി കെട്ടുന്നു. ഏതെങ്കിലും പശുവോ ആടോ തിന്നരുത്. സമയത്ത് വെള്ളം കൊടുക്കുന്നു, സമയത്ത് വെളിച്ചം കൊടുക്കുന്നു. എന്നിട്ട് ആ ചെടി വളർന്നു വളർന്ന് വിശാലമായ രൂപം ധരിക്കുന്നു. വിശാലമായ

വൃക്ഷമായിത്തീരുന്നു, അപ്പോൾ സേവ ഒന്നും തന്നെ ആവശ്യപ്പെടുന്നില്ല. ആടോ, പശുവോ, അതിനെ തിന്നില്ല. പിന്നെ അതിന് ദിവസവും വെള്ളം കൊടുക്കേണ്ട ആവശ്യമില്ല. അത് സ്വന്തം ആവശ്യം മണ്ണിൽ നിന്നും സ്വയം പൂർത്തീകരിക്കുന്നു. കൂടാതെ ഏതൊന്ന് വിളയുന്നോ, അത് നമുക്ക് വേണ്ടി തന്നെയാണ് വിളയുന്നത്. എല്ലാം തന്നെ നമുക്കുവേണ്ടിയാണ് വിളയുന്നത്. നമ്മുടെ സേവ ചെയ്യാൻ തുടങ്ങി. തുടക്കത്തിൽ നമ്മുടെ സേവ ആഗ്രഹിക്കുന്നു.

ശരിക്കും ഇതേ തരത്തിൽ ധർമ്മത്തിന്റെ ചെടി. തുടക്കത്തിൽ നമ്മുടെ സേവ ആഗ്രഹിക്കും. ഇതിന്റെ നാലു ഭാഗത്തും വേലി കെട്ടേണ്ടതുണ്ട്. എന്തു വേലിയാണ് കെട്ടേണ്ടത്. തപോഭൂമിയുടെ പുറത്തു പോകുമ്പോൾ ശ്വന്തം മിത്രങ്ങളെ കാണും, ബന്ധുക്കളെ കാണും, സമൂഹത്തിലെ ജനങ്ങളെ കാണും – എന്താണ് പഠിച്ചത്ത്? അവിടെ എന്താണ് പഠിച്ചത്? അപ്പോൾ ഒളിപ്പിച്ചു വക്കാനുള്ള കാര്യം ഒന്നും തന്നെയില്ല. എല്ലാം തുറന്നു പറയും. ഇതു പഠിച്ചു, ഇതു പഠിച്ചു, ഇതു പഠിച്ചു. അയ്യോ, ഇത് നമ്മുടെ ധർമ്മമല്ല. ഇത് മറ്റുള്ളവരുടെ ധർമ്മമാണ്. മറ്റുള്ളവരുടെ ധർമ്മമാണ്. അപ്പോൾ ചിലപ്പോൾ ഭയപ്പെടും. എന്നിട്ട് അഭ്യാസം നിറുത്തും. എങ്കിൽ ആടും മാടും മേയുക തന്നെ ചെയ്തു. എന്നാൽ വേലി കെട്ടി വക്കുകയാണെങ്കിൽ ഇങ്ങനെ പറയും – നോക്കൂ സഹോദരാ, ഈ വേലിക്കുള്ളിൽ ഏതൊന്നുണ്ടോ, ഞാൻ അതുതന്നെയാണ് ചെയ്യു ന്നത്. ഇതെന്താണ്?

ശീലമുണ്ട്, ഇതിന്റെ പാലനം ചെയ്യുന്നു. പറയൂ, ഇതിൽ വിരോധിക്കാനുള്ള കാര്യമെന്ത്? ചിത്തത്തെ ഏകാഗ്രമാക്കാനുള്ള അഭ്യാസം ചെയ്യുന്നു. അതും സാർവ്വജനീനമായ തരത്തിലുള്ള ആലംബനത്താലാണ്. ചിത്തത്തെ നിർമ്മലമാക്കാ നുള്ള അഭ്യാസം ചെയ്യുന്നു. അതും സാർവ്വജനീനമായ തരത്തിലുള്ള ആലംബനത്താൽ. ഇതിൽ എതിർക്കാനെന്താണുള്ളത്? അപ്പോൾ ആർക്കും എതിർക്കാൻ സാധിക്കില്ല. എന്നിട്ട് ദിവസവും അഭ്യാസം ചെയ്തുചെയ്ത് ഈ ചെടി വളർന്നു കൊണ്ടിരിക്കും. വിശാല വൃക്ഷത്തിന്റെ രൂപം ധാരണം ചെയ്യും. ധർമ്മത്തിന്റെ വിശാല വൃക്ഷം. പിന്നെ ഒരു സേവയും ആഗ്രഹിക്കില്ല. നമ്മുടെ സേവ ചെയ്യും. ഇത്ര തണലുതരും – ഇത്ര ശീതളമായ തണൽ ജീവനിൽ ഒരിക്കലും അനുഭവിച്ചിട്ടില്ലാത്തത്. ഇത്ര നല്ല ഫലം തരും – ഇത്ര മധുരമുള്ളത്, ഒരിക്കലും രുചിക്കാത്തത്. തരുക തന്നെ തരുക – എന്നാൽ തുടക്കത്തിലാകട്ടെ വളരെ സേവ ആഗ്രഹിക്കും. കൂടാതെ വെളിച്ചവും തണലും നല്കാൻ ശ്രദ്ധിച്ചു കൊണ്ട്, വെള്ളം നനക്കേണ്ടതുണ്ട്. എന്താണ് വെള്ളം നനക്കൽ?

രാവിലെയും വൈകിട്ടും, രാവിലെയും വൈകിട്ടും ഓരോരോ മണിക്കൂർ ഇതിന്റെ അഭ്യാസം വീട്ടിൽ ചെയ്യേണ്ടതുണ്ട്, കൂടാതെ ദിവസം മുഴുവൻ ജീവിതത്തിൽ ധർമ്മം ഇറങ്ങുന്നുണ്ടോ ഇല്ലയോ എന്ന് നോക്കണം? രാവിലെയും–വൈകിട്ടും മണിക്കൂർ മണിക്കൂർ അഭ്യാസം ചെയ്യാൻ മറന്നാൽ ചെടിയെ നനച്ചില്ല. എങ്കിൽ ഉണങ്ങിപ്പോകും. എങ്കിൽ വലിയ വൃക്ഷം ആകാൻ സാധിക്കില്ല. അതിനാൽ ഈ അഭ്യാസം രാവിലെ വൈകിട്ട്, രാവിലെ വൈകിട്ട് ചെയ്തു കൊണ്ടു തന്നെ ഇരിക്കണം.

ഇത് ധർമ്മത്തിന്റെ വ്യവഹാര പക്ഷമാണ്, രാവിലെ വൈകിട്ടും വെറും ആചാരാനുഷ്ഠാന മാകരുത്. എത്രഎത്ര ഇതിൽ പക്വത വരുമോ, കാണാം, ജീവിതത്തിൽ പരിണാമം വന്നുകൊണ്ടിരിക്കുന്നു. അന്തർമുഖനായിക്കൊണ്ട് സത്യത്തെ നോക്കാൻ തുടങ്ങും. അപ്പോൾ കാണാം, എല്ലാവരിലും ഇതുതന്നെയാണ് കാര്യം – എല്ലാ പ്രാണികളും ഇപ്രകാരം തന്നെയാണ് – ഉള്ളിൽ വികാരം ഉണർത്തുന്നു, വ്യാകുലരാകുന്നു, വികാരം ഉണർത്തുന്നു, വ്യാകുലരാകുന്നു. എങ്കിൽ വ്യക്തി വ്യക്തിയിൽ വ്യത്യാസമെന്താണുള്ളത്? ഈ അമ്മയുടെ വയറ്റിൽ നിന്ന് ജനിച്ചു അല്ലെങ്കിൽ ആ അമ്മുടെ വയറ്റിൽ നിന്ന് ജനിച്ചു. വ്യത്യാസ മെന്താണ്? ഇപ്രകാരം ജാതിയെപ്പറ്റി ഭേദഭാവം ചെയ്യാൻ സാധിക്കുകയില്ല. സമ്പ്രദായത്തെക്കൊണ്ട് ഭേദഭാവം ചെയ്യാൻ സാധിക്കില്ല. ദേശഭേദത്തെപ്പറ്റി ഭേദഭാവം ചെയ്യാൻ സാധിക്കില്ല. എല്ലാവരും ഒരുപോലെ തോന്നും. എല്ലാവരും ദുഃഖിതർ. വികാരം ഉണർത്തുന്നു, വ്യാകുലരാകുന്നു. ഇവർക്ക് ഈ നന്മകാരിണി വിദ്യ ലഭിച്ചെങ്കിൽ ഇവരും സ്വന്തം വികാരങ്ങളിൽ നിന്നും പുറത്തു വരും. ഇവർക്കും മംഗളമാകും. ഇത്തരം മംഗളമൈത്രി മനസ്സിൽ എല്ലാവർക്കം ആയി ഉണർന്നുകൊണ്ടിരിക്കും, നല്ലതു വരട്ടെ. എല്ലാവർക്കും നന്മയുണ്ടാകട്ടെ. ഈ ഭാവം മനസ്സിൽ ഉണർന്നുകൊണ്ടിരിക്കും. പാകമാ കേണ്ടതുണ്ട്.

ആര് ഈ രത്നം കൊണ്ടു പോകുമോ, അഭ്യസിച്ചു കൊണ്ടിരിക്കണം. അഭ്യസിച്ചു കൊണ്ടിരുന്നാൽ ശരിക്കും ഇതിന്റെ വർദ്ധനവ് ഉണ്ടാകും. സംവർദ്ധനം ഉണ്ടായാൽ സ്വന്തം മംഗളം തന്നെ ഉണ്ടാകും.

നമ്മുടെ ഇവിടെ ഒരു കഥ പ്രചലിതമാണ്. ഒരു വൃദ്ധനായ വ്യക്തി, വളരെ ധനവാനായ വ്യക്തി, വയസ്സായപ്പോൾ ഭാര്യ മരിച്ചു. വീട്ടുകാരി സ്വർഗ്ഗസ്ഥയായി. വീട്ടുകാരിയാണ് താക്കോൽകൂട്ടം സൂക്ഷിക്കുന്നത്. ഇപ്പോൾ വീട്ടുകാരിയില്ല. താക്കോൽക്കൂട്ടം ആർക്ക് കൊടുക്കും? വീട്ടിൽ നാല് മരുമക്കൾ. നാലുപേർക്കും കൊടുക്കാൻ സാധിക്കില്ല. അപ്പോൾ നാലു പേരോടും പറയുകയാണ്, നോക്കൂ, ഞാൻ നിങ്ങളെ പരീക്ഷിക്കും. പരിക്ഷയിൽ ആര് ഒന്നാമത്തേതാകുമോ, അവൾക്ക് ഈ താക്കോൽ കൂട്ടം ലഭിക്കും. ഈ അന്നധന ഭണ്ഡാരം ഇത്ര വലിയതാണ്, അതിനാൽ പരീക്ഷ എന്താണ് – ഈ അഞ്ച് ധാന്യം, ഈ നെല്ലിന്റെ അഞ്ചു വിത്ത്, നാലുപേർക്കും അഞ്ച് അഞ്ച് വിത്ത് കൊടുത്തു. ഇതിനെ സൂക്ഷിച്ചു വക്കണം. ഞാൻ നാലു വർഷത്തിനു ശേഷം തിരിച്ചു വരും. ഇവയെ സൂക്ഷിച്ചു വക്കണം.

ആർക്ക് ഈ നെല്ലിന്റെ അഞ്ചു വിത്തിനെ സൂക്ഷിക്കാൻ സാധിക്കില്ലയോ, അവൾ ഇത്ര വലിയ അന്നധന ഭണ്ഡാരം എങ്ങനെ സൂക്ഷിച്ചു വക്കും? മൂത്തമരുമകൾ നോക്കി, ഈ വയസ്സൻ ഭ്രാന്തൻ, ഈ അഞ്ച് വിത്തിനായി നാലുവർഷം വരെ സ്വന്തം തല പുകക്കണോ. ഇവയെ ഓർത്തു കൊണ്ടിരിക്കണോ, കളയരുതോ, കളഞ്ഞു. സന്തം ഭണ്ഡാരത്തിൽ നിന്ന് വേറെ അഞ്ചു ധാന്യം കൊടുക്കും, ഇത് നിങ്ങളുടെ അഞ്ചു ധാന്യം. കാര്യം കഴിഞ്ഞു. രണ്ടാമത്തെ

മരുമകൾ വിചാരിച്ചു – വയസ്സൻ വളരെ ബുദ്ധിമാനാണ്, ആർക്കറിയാം ഈ അഞ്ചു വിത്തിൽ ഏതെങ്കിലും മായാജാലമുണ്ടാകും, ഏതെങ്കിലും അദ്ഭുത് ശക്തി ഉണ്ടാകം, ചിലപ്പോൾ പറയുമായിരിക്കും ഇവയെ കഴിക്കുക, കഴിച്ച ഉടനെ പുത്രവതിയാകുക, സൗഭാഗ്യവതിയാകുക, ആർക്ക റിയാം എന്ത് എന്ത് ആകുമെന്ന്. ഇപ്പോൾ കഴിക്കാം. വയസ്സൻ വന്നാൽ അപ്പോൾ വേറെ അഞ്ചു വിത്തു കൊടുക്കാം, കഴിച്ചു.

മൂന്നാമത്തെ മരുമകൾ – എനിക്ക് താക്കോൽ കൂട്ടം വേണം, അതിനാൽ ശരിക്കും സൂക്ഷിച്ചു വച്ചു. ശരിക്കും സൂക്ഷിച്ചു വച്ചു – സ്വന്തം പൂജാസ്ഥലത്തു വക്കുന്നു, രാത്രിയും പകലും, രാത്രിയും പകലും ശരിക്കും സൂക്ഷിച്ചു വക്കുന്നു.

നാലാമത്തവൾ വിചാരിച്ചു, സൂക്ഷിക്കുക എന്നതിനർത്ഥം ഇതല്ല. അവൾ വീടിന്റെ പിന്നിലുള്ള സ്ഥലം വൃത്തിയാക്കി, അഞ്ചുവിത്തു വിതച്ചു. അഞ്ചു ചെടികൾ മുളച്ചു. ഓരോ ചെടിയിലും നൂറുനൂറ് വിത്തു വന്നു. അടുത്ത വർഷം അത് മുഴുവൻ വിതച്ചു. അടുത്ത കാലാവസ്ഥയിൽ അതു മുഴുവനും വിതച്ചു. നാലു വർഷമാകുമ്പോഴേക്കും പറക്കണക്കിന് ധാന്യമായി. ടൺ കണക്കിന് ധാന്യമായി. നെല്ലറ നിറഞ്ഞു.

വയസ്സൻ വന്നു, എല്ലാവരും സ്വന്തം കഥ പറഞ്ഞു. നാലാമത്തവളുടെ അടുത്തു പോയപ്പോൾ അവൾ പറയുകയാണ് – അച്ചാ, കൂലിക്കാരെ കൊണ്ടു വരിക. നെല്ലറ നിറഞ്ഞിരിക്കുകയാണ്. താങ്ങളുടെ അഞ്ച് വിത്തുകൾ എത്രയോ വർദ്ധിച്ച് എത്രയോ ആയി. ഈ പുത്രി കഴിവുള്ളവളാണ്. ഇവൾ സൂക്ഷിച്ചു മാത്രമല്ല വച്ചത്, സംവർദ്ധനവും ചെയ്തു, സംവർദ്ധനവും ചെയ്തു.

അതിനാൽ മാർഗ്ഗദർശകനും ധർമ്മത്തിന്റെ അഞ്ചു വിത്തുകൾ തരുന്നു. സൂക്ഷിക്കുകമാത്രമല്ല, കേവലം സൂക്ഷിച്ചു മാത്രമല്ല വക്കേണ്ടത്, അതിന്റെ സംവർദ്ധനവും ചെയ്യണം, സംവർദ്ധനവും ചെയ്യണം. വളരെ മംഗളമുണ്ടാകുന്നു. ധർമ്മത്തിൽ എത്ര എത്ര പാകമായിപ്പോകുമോ, ധർമ്മത്തിന്റെ എത്ര സംവർദ്ധനം ആയിപ്പോകുമോ, വലിയ നന്മയാകും, വലിയ മംഗളമാകും.

മാർഗ്ഗ ദർശകൻ ആരാണോ, അദ്ദേഹത്തിന് ഗുരുദക്ഷിണയും കൊടുക്കേണ്ടതുണ്ട്. നമ്മുടെ ഇവിടെ പരമ്പരയുണ്ട്, ആരിൽ നിന്ന് ഏതൊരു വിദ്യ പഠിക്കുമോ, ഏതു തരത്തിലുള്ള വിദ്യയും പഠിക്കുമോ, ലോകീയ വിദ്യ, പരലോകീയ വിദ്യ, ലോകോത്തര വിദ്യ, അതിനുപകരമായി എന്തെ ങ്കിലും ദക്ഷിണ കൊടുക്കേണ്ടതുണ്ട്. അതിനാൽ ഈ മാർഗ്ഗദർശകനും ദക്ഷിണകൊടുക്കേണ്ടതുണ്ട്. എന്താണ് ദക്ഷിണ? ധർമ്മത്തിന്റെ ഈ പരമ്പരയിലെ ദക്ഷിണ എന്താണ്? രാവിലെയും വൈകിട്ടും, രാവിലെയും വൈകിട്ടും, ധ്യാനം ചെയ്തു കൊണ്ട് സ്വന്തം മനസ്സിനെ സാധകൻ നിർമ്മലമാക്കുന്നു എന്നിട്ട് പിന്നെ അഞ്ചു പത്തു മിനിട്ട് മംഗളം നേരുന്നു, എല്ലാവർക്കും മംഗളമുണ്ടാകട്ടെ, എല്ലാവർക്കും നന്മയുണ്ടാകട്ടെ, എല്ലാവർക്കും നല്ലതുണ്ടാകട്ടെ. അതിനാൽ മാർഗ്ഗദർശകൻ പറയുന്നു, ഈ മുഴുവൻ പ്രാണികളിൽ ഞാനും ഒരു പ്രാണിയാണ്. ഈ മംഗള മൈത്രി എന്നിലേക്കും വരും. ഇതു ചെയ്യാൻ മറന്നാൽ, രാവിലെയും വൈകിട്ടും സാധന ചെയ്യാൻ മറന്നാൽ, സഹോദരാ, ഈ വിദ്യ ബലവതിയാകില്ല, ബലവതിയാകില്ലെങ്കിൽ ഫലം തരില്ല.

വിദ്യയിൽ ശരിക്കും പാകമാകണം. ധർമ്മത്തിൽ ശരിക്കും പാകമാകണം. അതിന്റെ മധുരമുള്ള ഫലം, അതിന്റെ മധുരമുള്ള പരിണാമം സ്വന്തം ജീവനിൽ വരാൻ തുടങ്ങണം. സ്വന്തം ലാഭം ആകാൻ തുടങ്ങണം കൂടാതെ പരിശോധി ച്ചുകൊണ്ടിരിക്കണം, സത്യമായും ധർമ്മം ജീവനിൽ വരുന്നുണ്ടോ അതോ ഇല്ലയോ? എങ്ങാനും ആചാരാനുഷ്ഠാനം ആകരുത്. ജീവനിൽ ഇറങ്ങുന്നുണ്ടോ ഇല്ലയോ?

ഇത്തരം പരിസ്ഥിതികളിൽ മുൻപ് – ഏത് പ്രകാരത്തിലുള്ള പ്രതിക്രിയ ചെയ്യുമായിരുന്നോ, ഇപ്പോഴും അപ്രകാരം തന്നെയാണോ ചെയ്യുന്നത്, അത്ര തന്നെ ആഴത്തിലാണോ ചെയ്യുന്നത്, അത്ര തന്നെ സമയം വരെയാണോ ചെയ്യുന്നത്, അല്ലെങ്കിൽ അതിൽ അല്പം കുറവുണ്ടോ, കുറച്ച് മാറ്റം വന്നിട്ടുണ്ടോ. മാറ്റം വന്നിട്ടുണ്ടെങ്കിൽ നിശ്ചിത രൂപത്തിൽ ധർമ്മത്തിൽ പാകമായിക്കൊണ്ടി രിക്കുകയാണ്, ധർമ്മത്തിന്റെ പാതയിൽ മുന്നേറുകയാണ്. ഇപ്രകാരം തന്നെതന്നെ നിരീക്ഷിച്ചുകൊണ്ട്, തന്നെത്താൻ ധർമ്മത്തിൽ പാകമാക്കിക്കൊണ്ട് സ്വന്തം മംഗളവും നോടണം, മറ്റുള്ളവരുടെ മംഗളത്തിലും സഹായകമാകണം.

ധർമ്മം ഇതിനാണ്, സ്വയം സുഖശാന്തിയുടെ ജീവൻ ജീവിക്കണം. മറ്റുള്ളവർക്കും അത്തരം വാതാവരണം തയ്യാറാക്കണം, സുഖ ശാന്തിയുടെ വാതാവരണം തയ്യാറാക്കണം, എന്തെന്നാൽ മറ്റുള്ള ജനങ്ങൾക്കും സുഖ ശാന്തിയുടെ ജീവൻ ജീവിക്കണം, സ്വന്തം മംഗളം നേടണം മറ്റുള്ളവരുടെ മംഗളം നേടുന്നതിന് സഹായകമാകണം. ധർമ്മത്തിലാകട്ടെ മംഗളം തന്നെ മംഗളം സമാഹിതമാണ്. ആര് ധാരണം ചെയ്യുമോ, അവരുടെ മംഗളം തന്നെ മംഗളം. അവരുടെ നന്മ തന്നെ നന്മ. അവരുടെ സ്വസ്ഥി തന്നെ സ്വസ്ഥി അവരുടെ മുക്തി തന്നെ മുക്തി.